**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 893** **18-09-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസി യുവാവിനെ വൈദ്യുതിത്തൂണിൽ കെട്ടിയിട്ട് തല്ലിച്ചതച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | അട്ടപ്പാടിയിൽ ആദിവാസി യുവാവിനെ വൈദ്യുതിത്തൂണിൽ കെട്ടിയിട്ട് തല്ലിച്ചതച്ച സംഭവത്തിൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഉത്തരവാദികളായവർക്കെതിരെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയൽ നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | അഗളി വില്ലേജിൽ ചിറ്റൂർ പോസ്റ്റിൽ കട്ടേക്കാട് എന്ന സ്ഥലത്തുവെച്ച് ശ്രീ.സിജു എന്നയാളെ 24.05.2025 തീയതിയിൽ ശ്രീ.റെജിൻ മാത്യു, ശ്രീ.വിഷ്ണുദാസ് എന്നിവർ ചേർന്ന് കെട്ടിയിട്ട് തല്ലിയ സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ടി സംഭവത്തിൽ ശ്രീ.റെജിൻ മാത്യു, ശ്രീ. വിഷ്ണുദാസ് എന്നിവരെ പ്രതികളാക്കി അഗളി പോലീസ് സ്റ്റേഷനിൽ ക്രൈം നം.199/2025 U/s 128(12), 127 (2), 296 (b), 115 (2), 118 (1) r/w 3(5) BNS 63(1) (d), 3(2) (va) SC/ST (PoA) Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. കേസിന്റെ അന്വേഷണം എസ്.എം.എസ് & അഗളി സബ് ഡിവിഷൻ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് നടത്തിയിട്ടുള്ളതാണ്. പ്രസ്തുത കേസിലെ പ്രതികളായ രണ്ടുപേരെയും 28.05.2025 തീയതി അറസ്റ്റ് ചെയ്തിട്ടുള്ളതും ബഹു. മണ്ണാർക്കാട് പട്ടികജാതി/പട്ടികവർഗ്ഗ പ്രത്യേക കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും കോടതി പ്രതികളെ റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് റിമാന്റിൽ കഴിഞ്ഞിരുന്ന പ്രതികൾക്ക് 03.06.2025 തീയതിയിൽ ബഹു.കോടതി ജാമ്യം അനുവദിച്ചിട്ടുള്ളതാണ്. കേസിന്റെ അന്വേഷണം അഗളി ഡി.വൈ.എസ്.പി പൂർത്തിയാക്കി 23.07.2025 തീയതി പ്രതികൾക്കെതിരെ ബഹുമാനപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്.<br><br>കൂടാതെ ടിയാന് കോട്ടത്തറ ട്രൈബൽ ആശുപത്രിയിൽ ചികിത്സയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ, ഹെൽത്ത് പ്രൊമോട്ടറുടെ സേവനം എന്നിവ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് സമാനമായ സംഭവങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കേരളത്തിൽ പട്ടികജാതി പട്ടികവർക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം (PoA), പൗരാവകാശ സംരക്ഷണ നിയമം എന്നിവ പ്രകാരം കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാരിൽ നിന്നും ലഭിക്കുന്ന പരാതികളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തി പോലീസ് സ്റ്റേഷൻ തലത്തിലും സബ് ഡിവിഷൻ തലത്തിലും SC/ST മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗുകൾ നടത്തിയും പട്ടികവർഗ്ഗ ഊരുകളിൽ നിരന്തരം സന്ദർശനം നടത്തിയും നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികജാതി പട്ടികവർഗ്ഗ ഊരുകളിൽ പല വിഷയങ്ങൾ സംബന്ധിച്ച് ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ നൽകിയും ഊരു വിസിറ്റുകൾ നടത്തിയും പട്രോളിങ് ശക്തിപ്പെടുത്തി പോലീസ് സാന്നിദ്ധ്യം ഉറപ്പുവരുത്തിയും ഊരുമേളകൾ, അദാലത്തുകൾ എന്നിവ സംഘടിപ്പിച്ചും മറ്റും പ്രസ്തുത വിഭാഗക്കാരുടെ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുന്നുണ്ട്.<br><br>സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് വകുപ്പ് മുഖേന (അതിക്രമങ്ങൾ) തടയൽ നിയമ പ്രകാരമുള്ള സെമിനാറുകളും ബോധവത്ക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം (PoA) പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ ഇരകളായവർക്ക് നിയമാനുസരണം ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. കൂടാതെ പൗരാവകാശ സംരക്ഷണ നിയമം, അതിക്രമങ്ങൾ തടയൽ നിയമം എന്നിവ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുക, അതിക്രമത്തിന് ഇരയാകുന്ന പട്ടികജാതിക്കാർക്ക് അടിയന്തിര നിയമസഹായം ലഭ്യമാക്കുക, ആശ്വാസ ധനസഹായം യഥാസമയം ലഭ്യമാക്കുക, ആവശ്യമായ മാനസിക പിന്തുണ നൽകുക, അതിക്രമവുമായി ബന്ധപ്പെട്ട ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക, നിയമ അവബോധം നൽകുക എന്നീ ലക്ഷ്യങ്ങളോടെ പട്ടികജാതി വികസന വകുപ്പ് രൂപീകരിച്ച നിയമസഹായ സെല്ലാണ് JWALA (Justice Welfare and Legal Assistance). തിരുവനന്തപുരത്ത്, വെള്ളയമ്പലം, അയ്യങ്കാളി ഭവനിൽ കാൾ സെന്റർ പ്രവർത്തിക്കുന്നു. 0471 2994717, 2994718 എന്നീ രണ്ടു ലാൻഡ് ലൈൻ നമ്പറുകൾ മുഖേന കാൾ സെന്ററുമായി ബന്ധപ്പെടാവുന്നതാണ്. ഒരു ലീഗൽ അഡ്വൈസർ, മൂന്ന് ലീഗൽ സെൽ കോ ഓർഡിനേറ്റർ എന്നിവരെ |

| | | | |
|---|---|---|---|
| | | | കാൾ സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി നിയമിച്ചിട്ടുണ്ട്. ഇതോടൊപ്പം ജില്ലകളിൽ ഓരോ ലീഗൽ കൗൺസിലർമാരും ജ്വാലയുടെ ഭാഗമായി സേവനം അനുഷ്ഠിക്കുന്നു. |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **893** **18.09.2025 ൽ** മറുപടിയ്ക്ക്

**<u>ആദിവാസി യുവാവിനെ വൈദ്യുതിത്തൂണിൽ കെട്ടിയിട്ട് തല്ലിച്ചതച്ച സംഭവം</u>**

| | **<u>ചോദ്യം</u>**<br><br>**ശ്രീ. സണ്ണി ജോസഫ്** | | **<u>മറുപടി</u>**<br><br>**ഒ.ആർ. കേളു**<br><br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ മന്ത്രി) |
|---|---|---|---|
| എ) | അട്ടപ്പാടിയിൽ ആദിവാസി യുവാവിനെ വൈദ്യുതിത്തൂണിൽ കെട്ടിയിട്ട് തല്ലിച്ചതച്ച സംഭവത്തിൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br>ഉത്തരവാദികളായവർക്കെതിരെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയൽ നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | എ) | അഗളി വില്ലേജിൽ ചിറ്റൂർ പോസ്റ്റിൽ കട്ടേക്കാട് എന്ന സ്ഥലത്തുവെച്ച് ശ്രീ.സിജു എന്നയാളെ 24.05.2025 തീയതിയിൽ ശ്രീ.റെജിൻ മാത്യു ശ്രീ.വിഷ്ണുദാസ് എന്നിവർ ചേർന്ന് കെട്ടിയിട്ട് തല്ലിയ സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ടി സംഭവത്തിൽ ശ്രീ.റെജിൻ മാത്യു, ശ്രീ. വിഷ്ണുദാസ് എന്നിവരെ പ്രതികളാക്കി അഗളി പോലീസ് സ്റ്റേഷനിൽ ക്രൈം നം.199/2025 U/s 128(12), 127 (2), 296 (b), 115 (2), 118 (1) r/w 3(5) BNS 63(1) (d), 3(2) (va) SC/ST (PoA) Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. കേസിന്റെ അന്വേഷണം എസ്.എം.എസ് & അഗളി സബ് ഡിവിഷൻ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് നടത്തിയിട്ടുള്ളതാണ്. പ്രസ്തുത കേസിലെ പ്രതികളായ രണ്ടുപേരെയും 28.05.2025 തീയതി അറസ്റ്റ് ചെയ്തിട്ടുള്ളതും ബഹു. മണ്ണാർക്കാട് പട്ടികജാതി/പട്ടികവർഗ്ഗ പ്രത്യേക കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും കോടതി പ്രതികളെ റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് റിമാന്റിൽ കഴിഞ്ഞിരുന്ന പ്രതികൾക്ക് 03.06.2025 തീയതിയിൽ ബഹു.കോടതി ജാമ്യം അനുവദിച്ചിട്ടുള്ളതാണ്. കേസിന്റെ അന്വേഷണം അഗളി ഡി.വൈ.എസ്.പി പൂർത്തിയാക്കി 23.07.2025 |

| | | | |
|---|---|---|---|
| | | | തീയതി പ്രതികൾക്കെതിരെ ബഹുമാനപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്.<br><br>കൂടാതെ ടിയാന് കോട്ടത്തറ ട്രൈബൽ ആശുപത്രിയിൽ ചികിത്സയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ, ഹെൽത്ത് പ്രൊമോട്ടറുടെ സേവനം എന്നിവ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | സംസ്ഥാനത്ത് സമാനമായ സംഭവങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | ബി) | കേരളത്തിൽ പട്ടികജാതി പട്ടികവർക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം (PoA), പൗരാവകാശ സംരക്ഷണ നിയമം എന്നിവ പ്രകാരം കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാരിൽ നിന്നും ലഭിക്കുന്ന പരാതികളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തി പോലീസ് സ്റ്റേഷൻ തലത്തിലും സബ് ഡിവിഷൻ തലത്തിലും SC/ST മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗുകൾ നടത്തിയും പട്ടികവർഗ്ഗ ഊരുകളിൽ നിരന്തരം സന്ദർശനം നടത്തിയും നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികജാതി പട്ടികവർഗ്ഗ ഊരുകളിൽ പല വിഷയങ്ങൾ സംബന്ധിച്ച് ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ നൽകിയും ഊരു വിസിറ്റുകൾ നടത്തിയും പട്രോളിങ് ശക്തിപ്പെടുത്തി പോലീസ് സാന്നിദ്ധ്യം ഉറപ്പുവരുത്തിയും ഊരുമേളകൾ, അദാലത്തുകൾ എന്നിവ സംഘടിപ്പിച്ചും മറ്റും പ്രസ്തുത വിഭാഗക്കാരുടെ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുന്നുണ്ട്.<br><br>സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് വകുപ്പ് മുഖേന (അതിക്രമങ്ങൾ) തടയൽ നിയമ പ്രകാരമുള്ള സെമിനാറുകളും ബോധവത്ക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം (PoA) പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ ഇരകളായവർക്ക് നിയമാനുസരണം ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. കൂടാതെ പൗരാവകാശ സംരക്ഷണ നിയമം, അതിക്രമങ്ങൾ തടയൽ നിയമം എന്നിവ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുക, അതിക്രമത്തിന് ഇരയാകുന്ന പട്ടികജാതിക്കാർക്ക് അടിയന്തിര നിയമസഹായം ലഭ്യമാക്കുക, ആശ്വാസ ധനസഹായം യഥാസമയം ലഭ്യമാക്കുക, |

| | | | |
|---|---|---|---|
| | | | ആശ്വാസ ധനസഹായം യഥാസമയം ലഭ്യമാക്കുക, ആവശ്യമായ മാനസിക പിന്തുണ നൽകുക, അതിക്രമവുമായി ബന്ധപ്പെട്ട ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക, നിയമ അവബോധം നൽകുക എന്നീ ലക്ഷ്യങ്ങളോടെ പട്ടികജാതി വികസന വകുപ്പ് രൂപീകരിച്ച നിയമസഹായ സെല്ലാണ് JWALA (Justice Welfare and Legal Assistance). തിരുവനന്തപുരത്ത്, വെള്ളയമ്പലം, അയ്യങ്കാളി ഭവനിൽ കാൾ സെന്റർ പ്രവർത്തിക്കുന്നു. 0471 2994717, 2994718 എന്നീ രണ്ട് ലാൻഡ് ലൈൻ നമ്പറുകൾ മുഖേന കാൾ സെന്ററുമായി ബന്ധപ്പെടാവുന്നതാണ്. ഒരു ലീഗൽ അഡ്വൈസർ മൂന്ന് ലീഗൽ സെൽ കോ ഓർഡിനേറ്റർ എന്നിവരെ കാൾ സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി നിയമിച്ചിട്ടുണ്ട്. ഇതോടൊപ്പം ജില്ലകളിൽ ഓരോ ലീഗൽ കൗൺസിലർമാരും ജ്വാലയുടെ ഭാഗമായി സേവനം അനുഷ്ഠിക്കുന്നു. |

Anju K.R

**സെക്ഷൻ ഓഫീസർ**